പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7502 17.07.2012- ൽ മറുപടിയ്ക്ക്

മൃഗസംരക്ഷണ വകുപ്പിന് കീഴിൽ പഞ്ചായത്ത് തലത്തിൽ പദ്ധതികൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി). |
| (എ) മൃഗസംരക്ഷണ വകുപ്പിന് കീഴിൽ പഞ്ചായത്ത് തലത്തിൽ ഏതെല്ലാം പദ്ധതികളാണ് ഇപ്പോൾ നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | വ്യക്തമാക്കാം. മൃഗസംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതി-വിഹിതത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ ഭൂരിപക്ഷവും മൃഗസംരക്ഷണ വകുപ്പ് മുഖേനയാണ് നടത്തിവരുന്നത്. എന്നാൽ ഉപഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടു കൂടിയാണ് എന്നാൽ പഞ്ചായത്തുകളുടെ സഹായത്തോടുകൂടിയും പങ്കാളിത്തത്തോടു കൂടിയും കന്നുക്കുട്ടി പരിപാലന പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയ്ക്ക് 50%ധനസഹായം നൽകി വരുന്നു. ഈ 50% ധനസഹായത്തിൽ 25% മൃഗസംരക്ഷണ വകുപ്പിന്റെ പദ്ധതി വിഹിതത്തിൽ നിന്നും ബാക്കിയുള്ള 25% തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ നിന്നുമാണ് ലഭ്യമാക്കുന്നത്. |
| (ബി) മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പിന്റെ സഹായത്തോടെ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി-യെന്നും ഇനിയും എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു എന്നും വ്യക്തമാക്കുമോ? | (ബി) | 2011-2012 സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്.<br>1. കന്നുകുട്ടി പരിപാലന പദ്ധതി.<br>2. ആർ.കെ.വി.വൈ(സൗജന്യ നിരക്കിൽ തീറ്റ വിതരണ പദ്ധതി)<br>3. ഫാമുകളുടെ യന്ത്രവൽക്കരണം. |

4. മാതൃകാ പുൽകൃഷിത്തോട്ടങ്ങൾ
5. വന്ധ്യതാ നിവാരണ ക്യാംപ്
6. ക്രെഡിറ്റ് സപ്പോർട്ട്
7. ബ്ലോക്ക് സെമിനാറുകൾ
8. ജീവനോപാധിക്കായി കന്നുകാലി വികസന പദ്ധതി
9. പുൽകൃഷി വികസനത്തിനാവശ്യമായ ധനസഹായം
10. ഫീൽഡ് ലെവൽ ഡയറി ഫാം സ്കൂളുകൾ സ്ഥാപിക്കൽ.
11. ഫീൽഡ് വിസിറ്റ് ഓറിയന്റഡ് ക്യാംപുകൾ സംഘടിപ്പിക്കുക.
12. ക്ലസ്റ്റർ ഫാമിങ്ങ്

2012-2013 സാമ്പത്തിക വർഷം മൃഗങ്ങൾക്കും പക്ഷികൾക്കും ഉള്ള പ്രതിരോധ കുത്തിവെയ്പ്, വന്ധ്യതാനിവാരണ ക്യാംപ്, സൗജന്യ നിരക്കിൽ കൃത്രിമബീജധാന പരിപാടികൾ, ബോധവൽകരണ പരിപാടികൾ, പിന്നാമ്പുറ കോഴിവളർത്തൽ പദ്ധതി, സംരംഭകവികസന പരിപാടികൾ, കന്നുക്കുട്ടി പരിപാലന പദ്ധതി, കന്നുകാലി ഇൻഷ്വറൻസ്, പരിശീലന പരിപാടികൾ, പേവിഷ നിർമ്മാർജ്ജന പദ്ധതി, നിലവിലുള്ള മൃഗാശുപത്രികളുടെയും ഡിസ്പെൻസറി കളുടെയും ശക്തിപ്പെടുത്തൽ (75% കേന്ദ്ര സഹായം), വാസസ്ഥലങ്ങളിൽ വീട്ടുപടിക്കൽ മൃഗചികിൽസാ സേവനം ലഭ്യമാക്കൽ, ഗ്രാമീണമേഖലയിൽ വീട്ടുപരിസരത്ത് കോഴിവളർത്തൽ വികസനപരിപാടി ( 100% കേന്ദ്രസഹായം), മൃഗസംരക്ഷണ വിജ്ഞാപന യൂണിറ്റുകൾ സ്ഥാപിക്കൽ തുടങ്ങിയ പല പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

(signature)

സെക്ഷൻ ഓഫീസർ